പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2696 **28-10-2026-ൽ മറുപടിയ്ക്ക്**

മീനച്ചിൽ നദീതട പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. കെ. പ്രേമൻ

ശ്രീ. യു. ആർ. പ്രദീപ്

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഇടുക്കിയിൽ നിന്നുള്ള അധികജലം മീനച്ചിലാറിൽ എത്തിച്ച് കുടിവെള്ളവും ജലസേചനവും ഉറപ്പാക്കുന്ന മീനച്ചിൽ നദീതട പദ്ധതിക്കായി, മുൻ സർക്കാർ വാപ്കോസുമായി ഒപ്പുവെച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ കഴിഞ്ഞ അഞ്ച് മാസമായി സ്തംഭിച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മീനച്ചിൽ റിവർവാലി ടണൽ പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനായി 12.11.2024 ൽ WAPCOS Ltd എന്ന പൊതുമേഖലാ സ്ഥാപനവുമായി കേരളം ജലവിഭവവകുപ്പ് ഏർപ്പെട്ട ധാരണാപത്രം പ്രകാരം മൊബിലൈസേഷൻ അഡ്വാൻസ് തുക കൈമാറി 9 മാസ കാലയളവാണ് സാധ്യതാ പഠനത്തിന് അനുവദിച്ചിരുന്നത്. എന്നാൽ ടി കാലയളവിൽ പഠനം പൂർത്തിയാക്കുവാൻ സാധിച്ചിരുന്നില്ലായെന്നും ആയതിനാൽ 31.03.2027 വരെ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്നും WAPCOS നേരിട്ട് സർക്കാരിൽ ഇ-മെയിൽ മുഖേന അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയതു പരിശോധിച്ചു വരുന്നു.

(ബി) ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി മുൻ സർക്കാർ ബജറ്റിൽ വകയിരുത്തിയ 3 കോടി രൂപ വിനിയോഗിച്ച്, കഴിഞ്ഞ അഞ്ച് മാസത്തിനുള്ളിൽ നിലവിലെ സർക്കാർ എന്തെങ്കിലും നിർമ്മാണ-പഠന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: മീനച്ചിൽ റിവർവാലി ടണൽ പദ്ധതിയുടെ സാധ്യതാ പഠനം WAPCOS Ltd നെ ഏൽപ്പിച്ചുകൊണ്ട് 2,13,58,000/- രൂപക്കുള്ള ഭരണാനുമതി സ.ഉ(സാധാ)നം. 458/2024/ജവിവ തീയതി 15.06.2024 പ്രകാരം അനുവദിച്ചിരുന്നു. ടി തുകയിൽ നിന്ന് 53.39,500/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി WAPCOS ന് അനുവദിച്ചുകൊണ്ട് 01.08.2025 തീയതിയിൽ സ.ഉ(കൈ)നം. 61/2025/ജവിവ നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 11.11.2025 തീയതിയിൽ മൊബിലൈസേഷൻ അഡ്വാൻസായ 53.39,500/- രൂപ WAPCOS ന് കൈമാറിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഭരണാനുമതി തുക വിനിയോഗിച്ച് വേറെ നിർമ്മാണ പഠന പ്രവൃത്തനങ്ങൾ നടത്തിയിട്ടില്ല.

(സി) ടണൽ നിർമ്മാണം, മിനി ഡാമുകൾ എന്നിവയുൾപ്പെടെ മുൻ സർക്കാർ വിഭാവനം ചെയ്ത ഈ ബദൽ പദ്ധതിയുടെ ഡി.പി.ആർ. സമയബന്ധിതമായി പൂർത്തിയാക്കാൻ നിലവിലെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> WAPCOS മുഖേന നടത്തിവരുന്ന മീനച്ചിൽ റിവർവാലി ടണൽ പദ്ധതിയുടെ സാധ്യതാ പഠനവും DPR തയ്യാറാക്കലും, പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) കാർഷിക മേഖലയ്ക്കും കുടിവെള്ള വിതരണത്തിനും ഏറെ നിർണ്ണായകമായ ഇത്തരം ജലസേചന പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>മറുപടി:</u> മീനച്ചിൽ നദിയിലെ പെട്ടെന്നുള്ള വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനും വേനൽകാലത്ത് ജലക്ഷാമത്തിനു പരിഹാരമായും പാലാ, പൂഞ്ഞാർ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ട മീനച്ചിൽ നദിയുടെ വിവിധ കൈവഴികൾക്കു കുറുകെ നരിക്കുഴി, പെരുവഞ്ചനക്കയം, അടിവാരം പാറത്തോട്, അഞ്ചുമല (കടപുഴ) എന്നീ പ്രദേശങ്ങളിൾ 4 ഓവർ ഫ്ലോ വിയറുകളുടെ പഠനത്തിനായി 117.68 ലക്ഷം രൂപ SDMF ഫണ്ടിൽ നിന്ന് 08.07.2026 തീയതിയിലെ GO(Rt) No.290/2026/DMD ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പഠനവേഷണ പ്രവൃത്തികൾ അറേഞ്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ പാലാ - അരുണാപുരത്ത് ചെക്ക് ഡാമോട് കൂടിയ പാലം (38 കോടി രൂപ) ചേരിപ്പാട് റെഗുലേറ്റർ കം ബ്രിഡ്ജ് (30 കോടി രൂപ) എന്നീ പ്രവൃത്തികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് ഭരണാനുമതി ലഭിക്കുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ചു നടപടി സ്വീകരിക്കാവുന്നതാണ്. പാലാ, ഈരാറ്റുപേട്ട പ്രദേശങ്ങളിൽ വേനൽകാലത്തുണ്ടാവുന്ന ജലക്ഷാമത്തിന് പരിഹാരമായാണ് മേൽ പ്രപ്പോസലുകൾ തയ്യാറാക്കിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ